(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ പദ്ധതി നടപ്പിലാക്കുന്നതിന് ബജറ്റിൽ എത്ര തുക നീക്കിവച്ചിട്ടുണ്ട്;

(ഡി) ഈ ടൂറിസം വികസന പദ്ധതി എന്ന് പൂർത്തിയാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വകാര്യ മേഖലയുടെ സഹകരണത്തോടെ ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ സാധ്യതാ പഠനം നടത്താൻ പാലക്കാട് ഡി.ടി.പി.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഈ പദ്ധതിക്കായി പ്രത്യേകം തുക വകകൊള്ളിച്ചിട്ടില്ല.

(ഡി) സാധ്യതാപഠനം നിഷ്ക്കർഷിക്കുന്ന പ്രകാരത്തിലായിരിക്കും മേൽ നടപടികൾക്ക് രൂപം നൽകുക.

പെരുവണ്ണാമുഴി വിനോദ സഞ്ചാരകേന്ദ്രം

19 [182] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമുഴി വിനോദസഞ്ചാര കേന്ദ്രമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ;

(സി) പെരുവണ്ണാമുഴി ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പഴശ്ശിരാജാ മ്യൂസിയം, കൃഷ്ണമേനോൻ മ്യൂസിയം, കളിപൊയ്ക, ബേപ്പൂർ, കാപ്പാട്, കോഴിക്കോട് ബീച്ച്, വെള്ളിയാംകല്ല്, തിക്കോടി ലൈറ്റ് ഹൗസ്, പയ്യോളി, കടലുണ്ടി പക്ഷി സങ്കേതം, കക്കയം, തുഷാരഗിരി, പെരുവണ്ണാമുഴി, വെള്ളരിമല, വയനാടൻ മലനിരകൾ, കുറ്റിയാടി, ഇരിങ്ങൽ, മാനാഞ്ചിറ മൈതാനം, കുറ്റിച്ചിറ, ലോകനാർകാവ് ക്ഷേത്രം മുതലായ സ്ഥലങ്ങൾ ടൂറിസം വികസന സാധ്യതയുള്ള കേന്ദ്രങ്ങളായി വിലയിരുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) "പെരുവണ്ണാമുഴി" ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly